(ബി) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന സംയോജിത മൽസ്യ വികസന പദ്ധതിയനുസരിച്ചും കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പാക്കുന്ന മോട്ടോറൈസേഷൻ പദ്ധതിയനുസരിച്ചും 1990–91 മുതൽ 1995–96 വരെ ചെലവാക്കിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

വർഷം	എൻ. സി. ഡി. സി. പദ്ധതി (രൂപ ലക്ഷത്തിൽ)	മോട്ടോറൈസേഷൻ പദ്ധതി (രൂപ ലക്ഷത്തിൽ)
1990–91	56·52	28·58
1991–92	97·66	23·35
1992–93	437·88	64·90
1993–94	113·48	62·60
1994–95	276·486	9·30
1995–96	264·30	47·90
	1246·326	236·63

ആകെ — 1482·956 ലക്ഷം രൂപ.

(സി) ഉണ്ടെ, ഓരോ കൊല്ലവും നൽകിയ സബ്സിഡിയുടെ വിവരം താഴെ കൊടുക്കുന്നു.

വർഷം	എൻ. സി. ഡി. സി. പദ്ധതി (രൂപ ലക്ഷത്തിൽ)	മോട്ടോറൈസേഷൻ പദ്ധതി (രൂപ ലക്ഷത്തിൽ)
1990–91	14·13	28·58
1991–92	24·42	23·35
1992–93	109·47	64·90
1993–94	28·37	62·60
1994–95	69·12	9·30
1995–96	66·08	47·90
	311·59	236·63

ആകെ — 548·22 ലക്ഷം രൂപ

മൽസ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം

71 [1667] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ വർദ്ധിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഫിഷറീസ് സ്കൂളുകളിലെ കുട്ടികളുടെ മെസ് അലവൻസ് ഇപ്പോഴെത്രയാണ്;

(ഇ) ഇത് എത്ര പേർക്ക് നൽകിവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-3-1992-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 10/92/പ. ജാ. പ. വ. വി. വ. പ്രകാരം നഴ്സറി സ്കൂളുകളും മുതൽ നാലാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും 5-4-1989-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 17/89/ പ. ജാ. പ. വ. വി. വ. പ്രകാരം പ്രീ മെട്രിക്, പോസ്റ്റ് മെട്രിക്, പോസ്റ്റ് ഗ്രാഡ്വേറ്റ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും 18-10-1994-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം.39/94/പ. ജാ. പ. വ. വി. വ. പ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കും വർദ്ധിച്ച തുക നൽകിവരുന്നു.

(സി) 101,534 പേർക്ക്.

(ഡി) 15 രൂപ പ്രതിദിനം.

(ഇ) 563 പേർക്ക്.

മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് അവാർഡ് നൽകാൻ നടപടി

72 [1668] ശ്രീ. ജോർജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ്. എസ്. എൽ. സി. പരീക്ഷയിലോ ഫിഷറീസ് ടെക്നിക്കൽ സ്കൂളിലെ പത്താം ക്ലാസ് പരീക്ഷയിലോ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് അവാർഡ് നൽകുന്ന പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

പദ്ധതി നിലവിലുണ്ട്, സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികളുടെ കുട്ടികളിൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഒന്നാം സ്ഥാനത്തുവരുന്ന കുട്ടികൾക്ക് 2,000 രൂപയും ഇതര തീരദേശ ജില്ലയിലെ ഒന്നാം സ്ഥാനക്കാർക്ക് 1000 രൂപ വീതവും മൽസ്യഫെഡ് വഴി അവാർഡ് നൽകുന്നു. കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി ഒന്നാം സ്ഥാനക്കാർക്ക് 3,000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് (രണ്ടു മേഖലകളിലുമായി രണ്ടു പേർക്ക്) 2,000 രൂപ വീതവും ജില്ലകളിലെ ഒന്നാം സ്ഥാനക്കാർക്ക് 1000 രൂപ വീതവും അവാർഡ് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly